## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1637 01/11/2019-ൽ മറുപടിയ്ക്ക്

### റേഷൻ കാർഡ് ഇല്ലാത്തവർക്ക് ലൈഫ് പദ്ധതി പ്രകാരം വീട്

ചോദ്യം | ഉത്തരം

| | ശ്രീ.ഇ.കെ.വിജയൻ | | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | റേഷൻ കാർഡ് ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടാത്ത വർക്ക് വീട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; | എ), | ഒരു റേഷൻകാർഡിന് ഒരു വീട് എന്ന മാനദണ്ഡം പ്രകാരമാണ് ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത്. റേഷൻ കാർഡ് ലഭിക്കാത്തതിനാൽ ലൈഫ് പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് വീട് ലഭ്യമാക്കാൻ നിലവിലെ വ്യവസ്ഥകൾ പ്രകാരം സാധിക്കുകയില്ല. |
| ബി) | റേഷൻ കാർഡ് ഇല്ലാത്തതിനാൽ ഒഴിവാക്ക പ്പെടുകയും എന്നാൽ നിലവിൽ റേഷൻ കാർഡ് ലഭിക്കുകയും ചെയ്തവരെ ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | ബി) | ലൈഫ് മിഷൻ പദ്ധതിയുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിരിക്കുന്നത് ഒരു റേഷൻ കാർഡിന് ഒരു വീട് എന്ന മാനദണ്ഡം (31.12.2017 ന് മുമ്പുള്ള റേഷൻ കാർഡിൽ) പ്രകാരമാണ്. പുതിയ റേഷൻ കാർഡ് ലഭ്യമായാലും ലൈഫ് മാനദണ്ഡ പ്രകാരം ഗുണഭോക്താക്കളെ നിലവിൽ പട്ടികയിൽ ഉൾപ്പെടു ത്താൻ സാധിക്കുകയില്ല. എന്നാൽ 06.09.2019- ലെ സ.ഉ(സാ.ധാ) നം.1946/19/തസ്വഭവ ഉത്തരവ് പ്രകാരം പട്ടികജാതി/മത്സ്യതൊഴിലാളി ഗുണഭോക്താ ക്കൾക്ക് ഒരു റേഷൻ കാർഡിൽ ഉൾപ്പെട്ട കുടുംബ ത്തിന് ഒരു വീട്, 25 സെന്റിൽ കൂടുതൽ ഭൂമിയുണ്ടാ കരുത് എന്നീ മാനദണ്ഡങ്ങളിൽ ഇളവ് അനുവദി ച്ചിട്ടുണ്ട്. കൂടാതെ ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുകയും എന്നാൽ റേഷൻ കാർഡ് ഇല്ല എന്ന കാരണത്താൽ പട്ടിക യിൽ നിന്നും ഒഴിവാക്കപ്പെടുകയും ചെയ്ത പട്ടിക വർഗ്ഗ ഗുണഭോക്താ ക്കളിൽ ഇപ്പോൾ റേഷൻ കാർഡ് ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളെ ഭൂമിയുള്ള ഭവന രഹിതരുടെ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് സ.ഉ (സാധാ)നം.1897/2019/തസ്വഭവ തീയതി. 02.09.2019 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ